# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


No. H.9121/2022 Dated: 05/08/2021

# അറിയിപ്പ്

കൊച്ചിൻ ദേവസ്വം ബോർഡ് മാനേജ്മെന്റിനു കീഴിൽ വരുന്ന ശ്രീ കേരളവർമ്മ കോളേജ് തൃശ്ശൂർ, ശ്രീ വിവേകാനന്ദ കോളേജ് കുന്ദംകുളം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2022-23 അദ്ധ്യയന വർഷത്തിലേക്കുള്ള ബിരുദ പഠനത്തിന് ശ്രീ കേരളവർമ്മ കോളേജിലേയ്ക്ക് **keralavarma.ac.in,** ശ്രീവിവേകാനന്ദ കോളേജിലേയ്ക്ക് **svcollege.ac.in** എന്ന വെബ്സൈറ്റിൽ ഓൺ ലൈൻ മുഖാന്തിരം അപേക്ഷിക്കാവുന്നതാണ്.

മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ചുവടെ കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി വായിച്ച് മനസിലാക്കിയതിന് ശേഷം മാനേജ്മെന്റ് ക്വാട്ട ഫോറം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

**ശ്രീ കേരളവർമ്മ കോളേജ്**

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലിങ്കിൽ കേരളവർമ്മ കോളേജിനെ തിരഞ്ഞെടുത്ത് മാനേജ്മെന്റ് ക്വാട്ട അപ്ലിക്കേഷൻ ഫോം എന്നതിലൂടെ 250 രൂപ ഫീസ് അടച്ച രശീതിയുടെ സോഫ്റ്റ് കോപ്പി അപേക്ഷിക്കുന്ന സമയത്ത് അപ് ലോഡ് ചെയ്യണം. (**https://www.onlinesbi.com/sbicollect/icollecthome.htm**) എന്ന ലിങ്കിലൂടെ സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയുടെ സൈറ്റിലേക്ക് പ്രവേശിച്ച് Kerala state തിരഞ്ഞെടുത്ത് അതിൽ educational institution തിരഞ്ഞെടുക്കുക. തുടർന്ന് വരുന്ന ലിസ്റ്റിൽ നിന്ന് Principal SKVC Thrissur Fees എന്നത് തിരഞ്ഞെടുത്താൽ അതിൽ വരുന്ന വിൻഡോയിൽ മാനേജ്മെന്റ് ക്വാട്ടയിലേക്ക് അടക്കേണ്ട 250 രൂപ ഫീസ് അടക്കാവുന്നതാണ്. അടച്ചതിന്

ശേഷം കിട്ടുന്ന രശീതിയുടെ വിവരം ഫോം സമർപ്പിക്കുമ്പോൾ കൂടെ സമർപ്പിക്കേണ്ടതാണ്.

2. അപേക്ഷ ഓൺലൈൻ ആയി പൂരിപ്പിക്കേണ്ട ലിങ്ക് ചുവടെ ചേർക്കുന്നു. **http://onlinetcsskvc.meshilogic.co.in**

3. അപേക്ഷിക്കുന്ന വിദ്യാർത്ഥിക്ക് 50% ത്തിൽ കുറയാത്ത മാർക്ക് ഉണ്ടായിരിക്കേണ്ടതാണ്. ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഹിന്ദുകൾക്ക് മാത്രമേ ശ്രീ കേരളവർമ്മ കോളേജിൽ മാനേജ്മെന്റ് ക്വാട്ടയിൽ ബിരുദ കോഴ്സുകൾക്ക് അപേക്ഷ നൽകാൻ അനുമതിയുള്ളൂ.

4. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2022-23 വർഷത്തിൽ ബിരുദ കോഴ്സുകൾക്ക് അപേക്ഷിച്ചവരിൽ ശ്രീ കേരളവർമ്മ കോളേജ് തിരഞ്ഞെടുത്തവർക്ക് മാത്രമാണ് അപേക്ഷിക്കാനാവുക.

5. അപേക്ഷിക്കുന്നവർ ഹിന്ദുമതസ്ഥരും ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന വരുമാകണം.

6. ഒരു വിദ്യാർത്ഥിക്ക് രണ്ട് കോഴ്സുകൾക്ക് ഒരു ഫോമിൽ അപേക്ഷിക്കാം.

7. ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം ഗ്രേസ്സ് മാർക്ക് നിശ്ചയിച്ച് മെറിറ്റടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

8. വിവിധ ബിരുദ കോഴ്സുകളിലേക്ക് അഡ്മിഷൻ കിട്ടുന്നവർ കോളേജ് ഡെവലപ്മെന്റ് ഫണ്ടിലേക്ക് മാനേജ്മെന്റ് നിശ്ചയിച്ചിട്ടുള്ള സംഖ്യ അടക്കേണ്ടതാണ്.

| ഗ്രൂപ്പ് എ 10,000/- രൂപ + ക്ഷേത്രദർശനം വരിസംഖ്യ 3,500/- | ഗ്രൂപ്പ് ബി 8000/- രൂപ ക്ഷേത്രദർശനം വരിസംഖ്യ 3,500/- |
|---|---|
| ബി.കോം | ബോട്ടണി |
| ബി.സി.എ | കെമിസ്ട്രി |
| സ്റ്റാറ്റിസ്റ്റിക്സ് | ഫിസിക്സ് |
| ഇക്കണോമിക്സ് | മാത്തമാറ്റിക്സ് |
| ഇംഗ്ലീഷ് | സുവോളജി |
| ഫിലോസഫി | ഫംഗ്ഷണൽ ഇംഗ്ലീഷ് |
| പൊളിറ്റിക്സ് | ഹിന്ദി |
| ഹിസ്റ്ററി | സംസ്കൃതം |
| മലയാളം | |

9. +2 അഥവ തത്തുല്യ കോഴ്സ് സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ് കോപ്പി, യൂണിവേഴ്സിറ്റിയിൽ അപേക്ഷിച്ചതിന്റെ സോഫ്റ്റ് കോപ്പി എന്നിവയും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10. മാനേജ്മെന്റ് ക്വോട്ട അഡ്മിഷന് വേണ്ടിയുള്ള പ്രൊവിഷണൽ ലിസ്റ്റും, തുടർന്ന് മെറിറ്റ് ലിസ്റ്റും കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനെ കുറിച്ചുള്ള അറിയിപ്പ് പ്രമുഖ മലയാളം ദിന പത്രങ്ങളിലൂടെ അപേക്ഷകരെ അറിയിക്കുന്നതാണ്.

11. കമ്പ്യൂട്ടറിൽ Mozilla Firefox എന്ന ബ്രൗസർ ഉപയോഗിച്ച് ഫോം സബ്മിറ്റ് ചെയ്യുന്നത് കൂടുതൽ സൗകര്യപ്രദമാണ്.

**<u>ശ്രീ വിവേകാനന്ദ കോളേജ്</u>**

1. അപേക്ഷിക്കുന്ന വിദ്യാർത്ഥിക്ക് 50% ത്തിൽ കുറയാത്ത മാർക്ക് ഉണ്ടായിരിക്കേണ്ടതാണ്. ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഹിന്ദുകൾക്ക് മാത്രമേ ശ്രീ കേരളവർമ്മ കോളേജിൽ മാനേജ്മെന്റ് ക്വോട്ടയിൽ ബിരുദ കോഴ്സുകൾക്ക് അപേക്ഷ നൽകാൻ അനുമതിയുള്ളൂ.

2. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2022-23 വർഷത്തിൽ ബിരുദ കോഴ്സുകൾക്ക് അപേക്ഷിച്ചവരിൽ ശ്രീ വിവേകാനന്ദ കോളേജ് തിരഞ്ഞെടുത്തവർക്ക് മാത്രമാണ് അപേക്ഷിക്കാനാവുക.

3. അപേക്ഷിക്കുന്നവർ ഹിന്ദുമതസ്ഥരും ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന വരുമാകണം.

4. ഒരു വിദ്യാർത്ഥിക്ക് രണ്ട് കോഴ്സുകൾക്ക് മാത്രമേ അപേക്ഷിക്കാനാകൂ.

5. ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം ഗ്രേസ്സ് മാർക്ക് നിശ്ചയിച്ച് മെറിറ്റടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

6. വിവിധ ബിരുദ കോഴ്സുകളിലേക്ക് അഡ്മിഷൻ കിട്ടുന്നവർ കോളേജ് ഡെവലപ്മെന്റ് ഫണ്ടിലേക്ക് മാനേജ്മെന്റ് നിശ്ചയിച്ചിട്ടുള്ള സംഖ്യ അടക്കേണ്ടതാണ്.

| ഗ്രൂപ്പ് എ 10000/- രൂപ + ക്ഷേത്രദർശനം വരിസംഖ്യ 3,500/- | ഗ്രൂപ്പ് ബി 8000/- രൂപ+ ക്ഷേത്രദർശനം വരിസംഖ്യ 3,500/- |
|---|---|
| ബി.കോം | ബിഎ എച്ച്.ആർ.എം |
| ഇംഗ്ലീഷ് | |
| മലയാളം | |

7. +2 അഥവ തത്തുല്യ കോഴ്സ് സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ് കോപ്പി, യൂണിവേഴ്സിറ്റിയിൽ അപേക്ഷിച്ചതിന്റെ സോഫ്റ്റ് കോപ്പി എന്നിവയും അപ്പ്ലോഡ് ചെയ്യേണ്ടതാണ്.

8. മാനേജ്മെന്റ് ക്വാട്ട അഡ്മിഷന് വേണ്ടിയുള്ള പ്രൊവിഷണൽ ലിസ്റ്റും തുടർന്ന് മെറിറ്റ് ലിസ്റ്റും കോളേജ് വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനെ കുറിച്ചുള്ള അറിയിപ്പ് പ്രമുഖ മലയാളം ദിന പത്രങ്ങളിലൂടെ അപേക്ഷകരെ അറിയിക്കുന്നതാണ്.

ശ്രീ വിവേകാന്ദ കോളേജിലേക്ക് **www.svcollege.ac.in** എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷഫോറം ലഭ്യമാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷഫോറം പൂരിപ്പിച്ച് A/C No. 338902010036007 M/s SECRETARY COCHIN DEVASWOM BOARD എന്ന അക്കൗണ്ട് നമ്പറിൽ 250/- രൂപ അപേക്ഷ ഫീസ് അടച്ചതിന്റെ ചലാൻ, മാർക്ക് ലിസ്റ്റ്, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം **svckkm2020@gmail.com** എന്ന ഇ-മെയിലിലേക്ക് സ്കാൻ ചെയ്ത് അയക്കേണ്ടതാണ്. സ്റ്റാഫ് ക്വോട്ട, വാല്യുബിൾ സർവ്വീസ് ക്വാട്ട എന്നീ വിഭാഗത്തിൽ അപേക്ഷിക്കുന്നവർ വിശദവിവരങ്ങൾ പൂരിപ്പിക്കേണ്ടതും ആയതിന്റെ രേഖയും ഇ-മെയിലിലേക്ക് സ്കാൻ ചെയ്ത് അയക്കേണ്ടതാണ്. കൂടാതെ വെബ്സൈറ്റിൽ ചേർത്തിട്ടുള്ള ഗൂഗിൾ ഫോമിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. അനുബന്ധ രേഖകളും അപേക്ഷയോടൊപ്പം ഇ-മെയിൽ ചെയ്യേണ്ടതാണ്. ഫീസ് അടയ്ക്കുന്നതിനുള്ള ബാങ്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

A/c.Holder : M/s SECRETARY COCHIN DEVASWOM BOARD
Name of Bank : UNION BANK OF INDIA, THRISSUR
A/C No : 338902010036007
IFSC No : UBIN0533891

__കുറിപ്പ്__

- ഹിന്ദുമതത്തിൽപ്പെട്ടതും 50 ശതമാനത്തിൽ മാർക്ക് കുറയാത്ത വിദ്യാർത്ഥികൾക്കു മാത്രമേ മാനേജ്മെന്റ് ക്വാട്ട മുഖാന്തിരം അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ.
- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മാനേജ്മെന്റ് ക്വാട്ട ആവശ്യത്തിലേക്ക് നേരിട്ട് കോളേജിലോ മാനേജ്മെന്റ് ഓഫീസിലോ ഹാജരാകേണ്ടതില്ല.
- അപേക്ഷ ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തിയ്യതി 16/08/2022 വൈകീട്ട് 5 മണി വരെ മാത്രമായിരിക്കും.

OFFICE OF THE COCHIN DEVASWOM BOARD
TRICHUR

Manager
Sree Keralavarma College &
Sree Vivekananda College
&
Secretary
Cochin Devaswom Board,Thrissur